"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - **2025** സെപ്റ്റംബർ **18-19** തീയതികളിൽ നടത്തിയ കേരള - യൂറോപ്യൻ യൂണിയൻ കോൺക്ലേവ്-ഭരണാനുമതി ഉത്തരവ് പുതുക്കി-തുക അനുവദിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.**302/2026/F&P**        തീയതി,തിരുവനന്തപുരം, **24-05-2026**

---

പരാമർശം:-
1. **15.09.2025**-ലെ സ.ഉ(സാധാ) നം.**659/2025/F&P**
2. ഫിഷറീസ് ഡയറക്ടറുടെ **03.01.2026** ലെ **DFTVM/1167/2025-K3-Part(1)** നമ്പർ കത്ത്
3. ഫിഷറീസ് ഡയറക്ടറുടെ **12.03.2026** ലെ **DFTVM/1167/2025-K3-Part(1)** നമ്പർ കത്ത്

**ഉത്തരവ്**

**2025-26** സാമ്പത്തിക വർഷം **2405-00-001-95** (പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ഒരു കോടി രൂപയും ധനപുനഃവിനിയോഗം ആയി അനുവദിച്ച ഒരു കോടി രൂപയും ചേർത്ത് ആകെ **2** കോടി രൂപയിൽ (രണ്ട് കോടി രൂപ മാത്രം) നിലനിർത്തി ബ്ലൂ ടൈഡ്സ്:കേരള-യുറോപ്യൻ യൂണിയൻ കോൺക്ലേവ് സംഘടിപ്പിക്കുവാൻ പരാമർശം(1) പ്രകാരം ഉത്തരവായിരുന്നു.

**2. 2405-00-103-80** (പി) എന്ന ശീർഷകത്തിൽ അനുവദിച്ച തുകയിൽ നിന്നും, റീ-അപ്രോപ്പിയേഷൻ മുഖേന **80** ലക്ഷം രൂപ അധികമായി **2405-00-001-95**(പി) എന്ന ശീർഷകത്തിൽ അനുവദിക്കുന്നതിനും, പരാമർശം(1) ഉത്തരവ് പുതുക്കുന്നതിനും ഫിഷറീസ് ഡയറക്ടർ പരാമർശം(2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് പോസ്റ്റ് കോൺക്ലേവ് സെല്ലിനായുള്ള തുകയിൽ നിന്നും **21.95** ലക്ഷം രൂപ ഒഴിവാക്കി കൊണ്ട്, അധികമായി അവശ്യപ്പെട്ട **80** ലക്ഷം രൂപയിൽ ബാക്കി തുകയായ **58.05** ലക്ഷം രൂപ അനുവദിക്കുന്നതിന് ഫിഷറീസ് ഡയറക്ടർ പരാമർശം(3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

**3.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള യൂറോപ്യൻ യൂണിയൻ കോൺക്ലേവ്-**2025** മായി ബന്ധപ്പെട്ട് ബാക്കിയുള്ള **58.05 ലക്ഷം രൂപ**

**(അൻപത്തിയെട്ട് ലക്ഷത്തി അയ്യായിരം രൂപ മാത്രം)**, 2405-00-001-95-00-00-00-PV ശീർഷകത്തിലെ നടപ്പ് വർഷത്തെ വിഹിതത്തിൽ നിന്നും അനുവദിച്ചുകൊണ്ടും പരാമർശം(1) ഉത്തരവ് പുതുക്കിയും ഉത്തരവാകുന്നു. കൂടാതെ പ്രസ്തുത തുക പിൻവലിക്കുന്നതിനായി ശീർഷകത്തിന്റെ സീലിങ് പരിധി 58.05% ആയി ഉയർത്തിയും ഉത്തരവാകുന്നു.

4. പ്രസ്തുത തുക കുറച്ചുള്ള തുകയ്ക്ക് മാത്രമേ നടപ്പ് വർഷം പുതിയ ചെലവുകൾക്ക് അനുമതി നൽകുവാൻ പാടുള്ളു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ എ കൗശിഗൻ ഐഎഎസ്
സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്),കേരളം,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആൻഡ് ഇ),കേരളം,തിരുവനന്തപുരം
ധനകാര്യ വകുപ്പ്(3226098/WCD-2/172/2025-FIN തീയതി 16.05.2026)
ഡയറക്ടർ,വിവര പൊതുജനസമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
**Signed by Biju. K**
**Date: 25-05-2026 12:22:32**
സെക്ഷൻ ഓഫീസർ